**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2023-24 - സംസ്ഥാന സഹകരണ യൂണിയന് ധനസഹായം അനുവദിയ്ക്കുന്നത് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം. 167/2024/സഹ** **തീയതി, തിരുവനന്തപുരം, 25/03/2024**

---

പരാമർശം:- 1. 14/07/2023 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

2. സഹകരണ സംഘം രജിസ്ട്രാറുടെ 06/09/2023 ലെ പി&എം.ബി (4)6153/2023 നം കത്ത്.

3. സ.ഉ (സാധാ) നം. 2961/2024/ധന തീയതി 23/03/2024

**<u>ഉത്തരവ്</u>**

സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, നവീകരണം എന്നിവയ്ക്കായി സബ്സിഡി ഇനത്തിൽ (ശീർഷകം- 2425-003-89-35) - 99.80 ലക്ഷം രൂപ (ശീർഷകം-2425-003-89-36)- 50.00 ലക്ഷം രൂപ ഉൾപ്പെടെ ആകെ 149.80 ലക്ഷം രൂപ (നൂറ്റിനാൽപ്പത്തൊമ്പത് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) 2023-24 സാമ്പത്തികവർഷത്തിൽ അനുവദിയ്ക്കുന്നതിന് , "വിശദമായ പ്രപ്പോസൽ PRICE Software ൽ സമർപ്പിക്കേണ്ടതാണ്" എന്ന നിബന്ധനയിൻമേൽ 14/07/2023 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയിരുന്നു. പ്രസ്തുത തുക അനുവദിക്കുന്നതിന് ഭരണാനുമതിയും റിലീസ് അനുമതിയും നൽകണമെന്ന് PRICE Software ൽ സമർപ്പിച്ച പ്രപ്പോസലിന്റെ പകർപ്പ് സഹിതം പരാമർശം (2) കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, നവീകരണം എന്നിവയ്ക്കായി സബ്സിഡി ഇനത്തിൽ (ശീർഷകം- 2425-003-89-35) - 99.80 ലക്ഷം രൂപ (ശീർഷകം-2425-003-89-36)- 50.00 ലക്ഷം രൂപ ഉൾപ്പെടെ ആകെ 149.80 ലക്ഷം രൂപ (നൂറ്റിനാൽപ്പത്തൊമ്പത് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) 2023-24 സാമ്പത്തികവർഷത്തിൽ ചുവടെ പറയും പ്രകാരം അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **ക്രമ നമ്പർ** | **റവന്യൂ ശീർഷകം** | **തുക (രൂപയിൽ)** |
|---|---|---|
| 1 | 2425-003-89-35 സബ്സിഡി | 99,80,000 |
| 2 | 2425-003-89-36 സബ്സിഡി | 50,00,000 |

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**അജി ഫിലിപ്പ്**

**അഡിഷണൽ സെക്രട്ടറി**

To

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/213/2023/ധന)

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ**

പകർപ്പ്:-

1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്.
3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറി